"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-അംഗീകാരമില്ലാത്ത സ്കൂളുകളിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന കുട്ടികൾക്ക് തുടർപഠനം സാധ്യമാക്കുന്നതിനായി അംഗീകാരമുള്ള സ്കൂളുകളിലെ 2 മുതൽ 10 വരെ ക്ലാസ്സുകളിൽ പ്രവേശനം സാധ്യമാകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.1543/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 30/04/2019

ഉത്തരവ്

സർക്കാർ അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ തുടർപഠനം മുടങ്ങുന്ന സാഹചര്യം നിലനിൽക്കുന്നു എന്നും, ഇത്തരം സ്കൂളുകൾക്ക് പരീക്ഷ നടത്തുവാനും വിടുതൽ സർട്ടിഫിക്കറ്റ് നല്കുന്നതിനും അധികാരമില്ലാത്തതിനാൽ കുട്ടികളുടെ തുടർപഠനം സാധ്യമാക്കണമെന്നഭ്യർത്ഥിച്ച് ധാരാളം നിവേദനങ്ങൾ ലഭിക്കുന്നതിനാൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് തുടർ പഠനം സാധ്യമാക്കുന്നതിനായി അംഗീകാരമുള്ള സ്കൂളുകളിൽ 2 മുതൽ 8 വരെ ക്ലാസ്സുകളിൽ വിദ്യാഭ്യാസാവകാശ നിയമ പ്രകാരം വയസ്സ് അടിസ്ഥാനത്തിലും, 9,10 ക്ലാസ്സുകളിൽ വയസ്സിന്റെയും, ഒരു പ്രവേശന പരീക്ഷയുടെയും അടിസ്ഥാനത്തിലും ഈ അദ്ധ്യയന വർഷത്തേയ്ക്കു മാത്രം പ്രവേശനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

H

30/4/19

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.വി മുരളീധരൻ
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, കൈറ്റ് (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ

എച്ച്2/16942/2019/ഡി.പി.ഐ. തീയതി 8-5-2019.

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രഥമാധ്യാപകരുടെയും അറിവിനും അനന്തര നടപടികൾക്കുമായി അയക്കുന്നു. എല്ലാ പ്രഥമാധ്യാപകർക്കും ഉത്തരവിന്റെ പകർപ്പ് ലഭിച്ചു എന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

സ്വീകർത്താക്കൾ
1) എല്ലാ AEO/DEO/DDE മാർക്കും
2) എല്ലാ പ്രഥമാധ്യാപകർക്കും (വി. ഓഫീസർ മുഖാന്തരം)

(ഒപ്പ്)
ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)